**കേരള എക്സൈസ് വകുപ്പ്**
**'മാതൃഭാഷ-മലയാളം'**
**EXC/2015/2021/XA4**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 14/05/2021
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**<u>സർക്കുലർ നം-EXC19/2021/EXCISE</u>**

വിഷയം: എക്സൈസ് വകുപ്പിലെ വിവിധ ആഫീസുകളുടെ ഉദ്യോഗസ്ഥരുടെ ഡ്യൂട്ടി/ ജോലി പുനഃക്രമീകരിക്കുന്നത് - സംബന്ധിച്ച്

സൂചന: 1. എക്സൈസ് കമ്മീഷണറുടെ 28.03.96-ലെ എക്സ് എ 1-25000/75/Spl നമ്പർ ഉത്തരവ്
2. ജി.ഒ (പി) നമ്പർ. 420/2009/റ്റിഡി തീയതി : 08.05.2009 (SRO.No.361/2009)

മേൽ സൂചനയിൽ പറയുന്ന ഉത്തരവിൽ റെയിഞ്ച് ഇൻസ്പെക്ടർമാർ കേസുകൾ കണ്ടെത്തുന്നതിലും പ്രാഥമിക അന്വേഷണത്തിലും ശ്രദ്ധ കൊടുക്കേണ്ടതിന്റെ ആവശ്യം ഊന്നിപറഞ്ഞിട്ടുണ്ട്. അതോടൊപ്പം തന്നെ കേസുകളെല്ലാം 01.04.1996 മുതൽ റെയിഞ്ച് ഓഫീസുകളിൽ തന്നെ രജിസ്റ്റർ ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ കാലാന്തരത്തിൽ ഈ നിർദ്ദേശം പൂർണ്ണമായും പരിപാലിക്കപ്പെട്ടിട്ടില്ലായെന്നാണ് കാണുന്നത്. ഇപ്പോൾ എൻ.ഡി.പി.എസ് ആക്ട് പ്രകാരമുള്ള കേസുകൾ റെയിഞ്ച് ഓഫീസുകളിലും സർക്കിൾ ഓഫീസുകളിലും അതായത് ഒരേ അധികാരപരിധിയിൽ വ്യത്യസ്ത ഓഫീസുകളിൽ രജിസ്റ്റർ ചെയ്യുന്ന സ്ഥിതി നിലവിലുണ്ട്. ഇതുമൂലം സർക്കിൾ ഇൻസ്പെക്ടർമാർക്ക് അവരിൽ നിക്ഷിപ്തമായിട്ടുള്ള ലൈസൻസുള്ള സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള ജോലികളിലും പ്രധാനപ്പെട്ട കേസുകളുടെ അന്വേഷണത്തിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കാത്ത അവസ്ഥയും നിലവിലുണ്ട്. റെയിഞ്ച്ഓഫീസുകളുടെ പ്രവർത്തനങ്ങളിൽ മേൽനോട്ടവും പരിശോധനയും നടത്തേണ്ട സർക്കിൾ ഇൻസ്പെക്ടർമാരും അവരുടെ ഓഫീസുകളും റെയിഞ്ച് ഓഫീസിന് സമാനമായ പ്രവർത്തികൾ തന്നെ ചെയ്യുന്നതായാണ് കാണുന്നത്. ഇതിൽ നിന്നുമുളവാകുന്ന അനാവശ്യ ജോലിഇരട്ടിപ്പ് മേൽനോട്ട ചുമതലകളിൽ ശ്രദ്ധ കൊടുക്കാൻ സാധിക്കാത്ത അവസ്ഥ , ഗൗരവതരമല്ലാത്ത കേസുകൾപോലും മേലുദ്യോഗസ്ഥർ അന്വേഷിക്കേണ്ടിവരുന്ന അവസ്ഥ മുതലായവ പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. എക്സൈസ് വകുപ്പിലെ എല്ലാ തരം കേസുകളും, ഏത് ഉദ്യോഗസ്ഥനോ, പ്രത്യേക യൂണിറ്റോ കണ്ടെത്തിയതായാലും (എക്സൈസ് ക്രൈംബ്രാഞ്ച് ഒഴികെ) കേസ് കണ്ടെടുക്കപ്പെട്ട അധികാരപരിധിയിലെ അടിസ്ഥാന യൂണിറ്റായ റെയിഞ്ച് ഓഫീസുകളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. അബ്കാരി, എൻ.ഡി.പി.എസ് ആക്ട് പ്രകാരമുള്ള കുറ്റകൃത്യങ്ങൾ ഏത് ഉദ്യോഗസ്ഥൻ കണ്ടെത്തിയാലും , റിപ്പോർട്ട്,

മഹസ്സർ ഇവ അതാത് അധികാര പരിധിയുള്ള റെയിഞ്ച് ഓഫീസിൽ ഏൽപ്പിച്ച് കേസ് റെയിഞ്ച് ആഫീസുകളിൽ രജിസ്റ്റർ ചെയ്യണം.

2. കേസുകളുടെ അന്വേഷണം കുറ്റകൃത്യത്തിന്റെ ഗൗരവമനുസരിച്ച് വ്യത്യസ്ത തലങ്ങളിലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതാണെന്ന് കാണുന്നു . ആയതിനാൽ കേസിന്റെ സ്വഭാവമനുസരിച്ച് അന്വേഷിക്കേണ്ട ഉദ്യോഗസ്ഥരുടെ പട്ടിക തയ്യാറാക്കിയിട്ടുള്ളതും ആയത് അനുബന്ധമായി ചേർത്തിട്ടുള്ളതുമാണ്. കേസുകളുടെ അന്വേഷണം അനുബന്ധത്തിൽ പ്രതിപാദിക്കും വിധം എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ എന്നിവർ നടത്തേണ്ടതാണ്. ഈ ഉത്തരവ് 17.05.2021 മുതൽ പ്രാവർത്തികമായിരിക്കും.
3. റെയിഞ്ച് ആഫീസുകളുടെ പ്രവർത്തനത്തിന്റെ പൂർണ്ണമായ മേൽനോട്ട ചുമതലസർക്കിൾ ഇൻസ്പെക്ടർമാരിൽ നിക്ഷിപ്തമായിരിക്കും. ജില്ലയിലെ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ക്ക് ജില്ലയിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ പൂർണ്ണമായചുമതല ഉണ്ടായിരിക്കുന്നതും , ജില്ലയിലെ കേസുകളുടെ അന്വേഷണം സമയബന്ധിതമായി പൂർത്തിയാകുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
4. പരാതിയുള്ളതോ മറ്റ് ഏതെങ്കിലും രീതിയിൽ മുതിർന്ന ഉദ്യോഗസ്ഥർ, സ്പെഷ്യൽ സ്ക്വാഡ്/ എക്സൈസ് ക്രൈം ബ്രാഞ്ച് എന്നിവർ അന്വേഷിക്കേണ്ട കേസുകൾ എക്സൈസ് കമ്മീഷണറുടെ ഉത്തരവ് പ്രകാരം മറ്റ് ഉദ്യോഗസ്ഥർക്ക് അന്വേഷണത്തിന് നൽകാവുന്നതാണ്. ഇത് സംബന്ധിച്ച് ശുപാർശ അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ എക്സൈസ് കമ്മീഷണർക്ക് നൽകേണ്ടതാണ്.
5. ചാർജ്ജ്/കംപ്ലയിന്റ് നൽകിയശേഷം സിഡി ഫയൽ ബന്ധപ്പെട്ട റെയിഞ്ച്ഓഫീസിൽ നൽകേണ്ടതും സമൻസ്, വാറണ്ട് ഇവ റെയിഞ്ചിൽ നിന്നും നടപ്പാക്കേണ്ടതും, പ്രോസിക്യൂഷൻ സഹായിയെ റെയിഞ്ചിൽ നിന്നും നിയമിക്കേണ്ടതുമാണ്.
6. എല്ലാ ജില്ലാ ഗവൺമെന്റ് പ്ലീഡറുടെ ആഫീസുകളിലും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ ഒരു ഉദ്യോഗസ്ഥനെ ലെയ്സൺ ആഫീസറായി നിയമിക്കണം.

**S. AANANTHAKRISHNAN IPS**

Signature valid

Digitally signed by AANANTHAKRISHNAN S
Date: 2021.05.14 13:07:43 IST
Reason: Approved

**എക്സൈസ് കമ്മീഷണർ**

അനുബന്ധം

(കേസുകൾ അന്വേഷിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ)

| Sl. No | Act | Excise Inspector | Circle Inspector | Assistant Excise Commissioner | Deputy Excise Commissioner |
|---|---|---|---|---|---|
| 1 | Abkari Act | 15A, 15 B, 15 C, 55 (d), 55(e), 55 B, 55 C, 55 E, 55 F, 55 G, 55 H, 55 I, 56, 56A(1), 56A(2), 57 (a), 57(b), 57 (c), 57(d), 57(aa), 58A, 58 B, 61, 63, 64 A | 8, 55(a), 55(b), 55(f), 55(g), 55(h), 55 (i), 57A(1)(iii), 57 A(2)(iii), 57 A(3), 58 | 57 A(1)(i), 57A (2)(i), 59, 60 & all cases having interstate connection or the quantity of contraband seized exceeds 5000 liters. (The cases in which interstate connections are revealed by evidence during investigation being investigated by CI will be handed over to AEC for completing the investigation) | 57 A(1)(ii), 57 A(2)(ii) |
| 2 | NDPS Act | All Small Quantity Cases | All Medium Quantity Cases | All Commercial Quantity Cases | 31 A |